# സെന്റ് മേരീസ് എൽ. പി. സ്കൂൾ

## എടതിരിഞ്ഞി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

# ST.MARY'S L.P.SCHOOL

LOVE SERVICE WISDOM

EDATHIRINJI

## Vision

Possessing the vision of the founding father St.Chavara extending the services of eternal love and peace,keeping the goal of intellectual,social,spiritual as well as professional growth along with boosting up of perfect personality development and internal growth of every child.

## Mission

Communicating the message of truth and justice,as the symbols of gracious presence of God Almighty, creating a well-established family back ground, as a learning house of harmony and co-operation,play on active role not only in the character formation,but also bulding up of excellent personality and multi-faced growth and development of aperson.

# സെന്റ് മേരീസ് എൽ.പി. സ്കൂൾ

## എടതിരിഞ്ഞി

### ആമുഖം

## സ്കൂൾ ചരിത്രം

മുകുന്ദപുരം താലൂക്കിൽ, പടിയൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ സെന്റ് മേരീസ് എൽ.പി. സ്കൂൾ ഇരിങ്ങാലക്കുടയിൽ നിന്നും 4 കിലോമീറ്റർ അകലെയായി സ്ഥിതിചെയ്യുന്നു. ഇന്ന് ഈ വിദ്യാലയത്തിന് 100 കൊല്ലത്തെ പാരമ്പര്യമുണ്ട്. 11 ഡിവിഷനുകളിലായി 332 വിദ്യാർത്ഥി വിദ്യാർത്ഥിനികളും 12 അധ്യാപകരും കൂടാതെ KG വിഭാഗങ്ങളിലായി 160 ഓളം വിദ്യാർത്ഥി-വിദ്യാർത്ഥിനികളും 5 അധ്യാപകരും സേവനം ചെയ്തുവരുന്നു.

വിദ്യാലയ പരിസരത്തെ ജനങ്ങൾ പൊതുവേ ഇടത്തരക്കാരും കർഷക തൊഴിലാളികളും സമ്പന്നരുമാണ്. സമതലപ്രദേശങ്ങൾ മാത്രമുള്ള ഭൂപ്രകൃതി. വടക്കും കിഴക്കും ഭാഗങ്ങൾ വയലേലകൾ, പടിഞ്ഞാറ് ചതുപ്പിൽ പാണ്ടിനിലങ്ങൾക്കപ്പുറം കാനോലികനാലിന്റെ കൈവഴികളിൽ ചുറ്റിചേർന്ന് വെള്ളത്തിൽ ഒറ്റപ്പെട്ടു കിടക്കുന്ന തുരുത്തുകൾ. വിദ്യാലയ അന്തരീക്ഷം നെൽപ്പാടങ്ങൾ ചുറ്റപ്പെട്ടു കിടക്കുന്നു. ഇവിടത്തെ ഭൂപ്രകൃതിയുടെ സവിശേഷതകളിൽ ഈ വിദ്യാലയത്തെ കക്കഴ സ്കൂൾ എന്നും വിളിച്ചിരുന്നു. യാത്രാസൗകര്യങ്ങൾ അന്ന് തീരെ ഇല്ലായിരുന്നു.

ജനങ്ങളെ നല്ല പൗരന്മാരാക്കി വളർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി ജനങ്ങളുടെ സാംസ്കാരിക വളർച്ചയിൽ ഒരു പരിധിവരെ പങ്കുവഹിച്ചിരുന്നത് കുടിപള്ളിക്കൂടങ്ങളും മതപരമായ ക്ലാസ്സുകളും ആയിരുന്നു. എഴുത്താശന്മാരുടെ കളരികൾക്കും അന്ന് സ്ഥാനമുണ്ടായിരുന്നു. എന്നാൽ ഈ സൗകര്യങ്ങളെല്ലാം അപര്യാപ്തമാണെന്ന തോന്നൽ ജനങ്ങളിൽ ഉളവായി. അതോടൊപ്പം പള്ളിയോട് ചേർന്ന് പള്ളികൂടങ്ങൾ സ്ഥാപിച്ച് നടത്തുക എന്നത് ക്രൈസ്തവ സഭയുടെ ഒരു സുപ്രധാന ദൗത്യമായി അന്ന് കരുതിയിരുന്നു. രണ്ടുംകൂടെ ഒത്തുചേർന്നപ്പോൾ ചേലൂർ മേരി ഇമ്മാക്കുലേറ്റ് പള്ളിയുടെ കീഴിൽ 1917-ൽ അന്നത്തെ പള്ളിഭരണാധികാരി ബ.ഇരുമ്പൻ തോമ്മാച്ചന്റെ കാലത്ത് ഒരു കുടിപള്ളിക്കൂടമായി ഉടലെടുത്തതാണ് ഇന്ന് കാണുന്ന പടിയൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ സെന്റ് മേരീസ് എൽ.പി. സ്കൂൾ.

ശൈശവദശയിലെ സാമ്പത്തിക ബുദ്ധിമുട്ടും സൗകര്യകുറവുകളും ഒത്തുചേർന്നപ്പോൾ അത് പള്ളിയോട് ചേർന്നുതന്നെ നിന്നു. ആദ്യവർഷം തന്നെ 94 വിദ്യാർത്ഥികൾക്ക് ഇവിടെ പ്രവേശനം നൽകിയതായാണ് അന്നത്തെ രേഖകൾ വെളിപ്പെടുത്തുന്നത്. ഏറ്റവും ആദ്യത്തെ വിദ്യാർത്ഥി തെക്കൂട്ട് പറമ്പിൽ കുഞ്ഞിറ്റി വേലായുധനാണ്. കാലത്തിന്റെ പ്രത്യേകതകൾ കണക്കിലെടുക്കുമ്പോൾ ഉയർന്ന ജാതിക്കാരുടെ പ്രവേശനം മാത്രമാണ് കണ്ടെത്താൻ കഴിയുന്നത്. എന്നാൽ സ്ത്രീ വിദ്യാഭ്യാസം അന്നുമുതൽ തന്നെ ഉള്ളതായി കാണാൻ കഴിഞ്ഞു.

ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകത ബോധ്യപ്പെട്ടപ്പോൾ സ്കൂളിന് സ്വന്തമായി ഒരു സ്ഥലവും കെട്ടിടവും ആവശ്യമാണെന്ന് മനസ്സിലാക്കി ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങി പണിയാൻ തീരുമാനിച്ചു. അതുപ്രകാരം 1920 ആയപ്പോഴേക്കും ഈ സ്ഥലം വാങ്ങി കെട്ടിടം പണിതു. 1, 2, 3 എന്നീ ക്ലാസുകളോടെ ഈ വിദ്യാലയം ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്ററായ ശ്രീ.കെ.ഡി.തോമസ് മാസ്റ്ററെ നിയമിക്കുകയും ചെയ്തു.

1922 ആയപ്പോഴേക്കും 11 ഡിവിഷനുകളായി. പ്രിപ്പറേറ്ററി ക്ലാസും ഈ വർഷം തന്നെ ആരംഭിച്ചു. ആദ്യവർഷങ്ങളിൽ തന്നെ പിന്നോക്കവിഭാഗക്കാരും, ഹിന്ദുതിയ്യ, ക്രിസ്ത്യൻ, മുസ്ലീം, നായർ, ആശാരി, കുഡുംബി എന്നീ വിഭാഗക്കാരും ഇവിടെ പ്രവേശനം നേടിയിരുന്നു.

പടിയൂർ പഞ്ചായത്തിലെ ഏറ്റവും ആദ്യത്തേതും, ഏക വിദ്യാലയവുമായ സെന്റ് മേരീസ് ശൈശവാരിഷ്ടതകളെ പിന്നിട്ട് മുന്നേറാൻ ഇതിന്റെ പിന്നിൽ അദ്ധ്വാനിച്ച കരങ്ങൾ ഏറെയാണ്. വിദ്യാലയത്തിന്റെ നടത്തിപ്പിനായി ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്നതുവരെ എല്ലാ ചെലവുകളും ചേലൂർ പള്ളി തന്നെയാണ് വഹിച്ചത്. പിന്നീട് 1920 ആയപ്പോഴേക്കുമാണ് അധ്യാപകർക്ക് ഗവൺമെന്റ് ശമ്പളം ലഭിച്ചുതുടങ്ങിയത്. നിർദ്ധനരായവരുടെ ഭക്ഷണം തുടങ്ങിയ ആവശ്യങ്ങൾ നടത്തുവാനും പള്ളിനേതൃത്വവും, നല്ലവരായ നാട്ടുകാരും വളരെ അധികം സഹായിച്ചിട്ടുണ്ട്. 18 ഡിവിഷൻ വരെ ഈ സ്കൂളിൽ ഉണ്ടായിരുന്നു. ഈ അവസരത്തിൽ രണ്ട് ക്ലാസുകൾ ഓലഷെഡിലാണ് നടത്തിയിരുന്നത്. കൊച്ചി സംസ്ഥാനത്തിലെ ഏറ്റവും വലിയ വിദ്യാലയമായ സെന്റ് മേരീസ് എൽ.പി. സ്കൂളിന്റെ ഉയർച്ചക്കായി അന്നത്തെ മാനേജ്മെന്റും നാട്ടുകാരും പൊതുജനങ്ങളും അധ്യാപകരും അക്ഷീണം യത്നിച്ചിട്ടുണ്ട്.

**ഈ കാലഘട്ടത്തിൽ ഈ വിദ്യാലയത്തെ ഉന്നതിയിലേക്ക് നയിച്ച പ്രധാനാദ്ധ്യാപകർ ഇവരാണ്.**

**1920 മുതൽ 1956 വരെ കെ.ഡി. തോമസ് മാസ്റ്റർ**

**1956 മുതൽ 1960 വരെ കെ.വി. ഔസേപ്പ് മാസ്റ്റർ**

**1960 മുതൽ 1966 വരെ ടി.എൽ. ആന്റണി മാസ്റ്റർ**

**1966 മുതൽ 1971 വരെ വി.എസ്. കുമാരൻ മാസ്റ്റർ**

1967 ആയപ്പോഴേക്കും പടിയൂർ പഞ്ചായത്തിൽ മറ്റു വിദ്യാലയങ്ങൾ ആരംഭിക്കുകയും ഇവിടുത്തെ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്തു. ആ സാഹചര്യത്തിൽ ഈ വിദ്യാലയത്തെ വളർത്തികൊണ്ടുവരേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കിയ മാനേജ്മെന്റ് അന്നത്തെ മാനേജരായിരുന്ന ബ.ഇഗ്നേഷ്യസ് ചിറയത്തച്ചന്റെ കാലത്ത് കർമ്മലീത്ത സന്യാസികളുടെ മാനേജ്മെന്റിന് ഈ വിദ്യാലയം കൈമാറി. അന്ന് പള്ളി നയിച്ചിരുന്നത ബഹു. ജോസഫ് അച്ചനായിരുന്നു. അന്ന് 16 ഡിവിഷനുകളായിരുന്നു. അന്നത്തെ ഹെഡ്മാസ്റ്റർ വി.എസ്. കുമാരൻ മാസ്റ്ററായിരുന്നു. 1971 ഏപ്രിൽ 14ന് സിസ്റ്റർ മേരി ഇമ്മാക്കുലേറ്റ് പുതിയ ഹെഡ്മിസ്ട്രസ്സായി ചാർജ്ജെടുത്തു. ഈ കാലഘട്ടത്തിൽ ഇവിടെ അറബി ഭാഷാപഠനത്തിന് ഒരു പുതിയ തസ്തിക നിലവിൽ വന്നു.

ഇന്ന് ഈ വിദ്യാലയം കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ കോ ഓപ്പറേറ്റീവ് മാനേജ്മെന്റായ ഉദയ പ്രോവിൻസിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

1971 മുതൽ 14-5-1974 വരെ സി. ഇമ്മാക്കുലേറ്റ്

15-5-1974 മുതൽ 31-5-1977 വരെ സി. മേരി മില്ലിസെന്റ്

1-6-1977 മുതൽ 31-5-19783 വരെ സി. ഫാവ്വസ്ത

1-6-1983 മുതൽ 30-4-1987 വരെ സി. ബയാത്ത

1-5-1987 മുതൽ 31-3-1992 വരെ സി. ദീസ്മാസ്

1-4-1992 മുതൽ 31-3-1993 വരെ സി. മേരി തോമസ് (സി.ഹ്യൂമിലിറ്റസ്)

1-4-1993 മുതൽ 30-4-1996 വരെ സി. ലാഡിസ്ലസ്

1-5-1996 മുതൽ 30-4-1999 വരെ സി. കുഞ്ഞലു പി.പി (സി.ബെറ്റസി)

1-5-1999 മുതൽ 31-5-2002 വരെ സി. ഷേർളി പി.വി (സി.പ്രിയ)

1-6-2002 മുതൽ 31-5-2005 വരെ സി. റൂബി

1-6-2005 മുതൽ 31-5-2010 വരെ സി. ലില്ലി വി.കെ (സി.തെരേസ്)

1-6-2010 മുതൽ 31-5-2016 വരെ സി. ലൂസി കെ.വി (സി.ലൂസീന)

1-6-2016 മുതൽ 31-5-2022 വരെ സി. മറിയാമ്മ കെ.വി (സി.മേരീസ്)

1-6-2022 മുതൽ സി. ജെയ്സി കെ.പി

ഇന്നും ഈ വിദ്യാലയം നല്ല നിലയിൽ പ്രവർ ത്തിക്കുന്നു. പക്ഷെ പലകാരണങ്ങളാൽ ഇന്ന് ഈ വിദ്യാലയത്തിൽ 11 ഡിവിഷനുകളേ ഉള്ളൂ. (അടുത്തടുത്ത സ്കൂളുകൾ, ജനസംഖ്യയിൽ വന്ന മാറ്റം മുതലായവ)

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മുല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:
    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

### വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
    - പ്രവർത്തന പങ്കാളിത്തം:
        - പ്രവർത്തനം ഏറ്റെടുത്തു?
        - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
        - ആശയങ്ങൾ പങ്കുവെച്ചു?
    - ആശയധാരണ:
        - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
        - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
    - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
    - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
    - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
    - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
    - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
    - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
    - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം **(Observation):**
    - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം **(Interview):**
    - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
    - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
    - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
    - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

## KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

# പ്രവർത്തന പദ്ധതികൾ

## മലയാളം

**പ്രവർത്തനം :** 1
**പേര്** : **പുസ്തകം എന്റെ ചങ്ങാതി**
**ഉപമേഖല** **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

**പ്രവർത്തനം :** 2
**പേര്** : **എന്റെ പിറന്നാൾ പുസ്തകം**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **ഉച്ചഭാഷിണി വായന**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം : 5**
**പേര് : സ്കൂൾ ലൈബ്രറി**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം : 6**
**പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 7

**പേര് :** **ക്ലാസ്സ് തല പതിപ്പുകൾ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

**പ്രവർത്തനം :** 8

**പേര് :** **എന്റെ വായനാ കുറിപ്പുകൾ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം :** 9

**പേര് :** **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

**പ്രവർത്തനം :** 10
**പേര് :** **രചനോത്സവം**
**ഉപമേഖല :** **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

**പ്രവർത്തനം :** 11
**പേര് :** **സർഗ്ഗവേള**
**ഉപമേഖല :** **പ്രകടന വേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം :** 12
**പേര് :** **ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക**
**ഉപമേഖല :** **ആശയഗ്രഹണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സ്വാലിഹ ,ആനന്ദൻ | 3000 |

**പ്രവർത്തനം :** 13
**പേര്** : ***പാട്ടരങ്ങ്***
**ഉപമേഖല** : ***ഭാഷാ സമൃദ്ധി***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

**പ്രവർത്തനം :** **14**
**പേര്** : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
**ഉപമേഖല** : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനൈപുണ്യം, സമഗ്ര ചിന്താശേഷി, ദേശിയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

**പ്രവർത്തനം :** **15**
**പേര്** : **റീഡേഴ്സ് തിയേറ്റർ**
**ഉപമേഖല** : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ | 5000 |

# ഇംഗ്ലീഷ്

**പ്രവർത്തനം :** 1
**പേര് :** ഇംഗ്ലീഷ് അസംബ്ലി
**ഉപമേഖല :** പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം :** 2
**പേര് :** ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര് :** ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
**ഉപമേഖല :** ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം** : 4

**പേര്** : **Reading Card Work Shop**

**ഉപമേഖല** : **വായാനാ സാമഗ്രി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോ ഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

**പ്രവർത്തനം** : 5

**പേര്** : **Work Sheet Work Shop**

**ഉപമേഖല** : **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടി കൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടി കൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാ ക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ.ജി. | 4000 |

# അറബിക്

**പ്രവർത്തനം :** 1
**പേര്** : **ലോക ഭാഷ -അറബി ഭാഷ**
**ഉപമേഖല** : **അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം :** 2
**പേര്** : **അറബി വായനോത്സവം**
**ഉപമേഖല** : **വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **അറബി രചനോത്സവം**
**ഉപമേഖല** : **ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

**പ്രവർത്തനം :** 1
**പേര്** : **ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**
**ഉപമേഖല** : **വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ട ങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമി ന്റെയും തുട ക്കത്തിൽ | SSG | 4000 |

**പ്രവർത്തനം :** 2
**പേര്** : **ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല** : **ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴ കാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം :** 3
**പേര്** : **ഗണിതമൂല**
**ഉപമേഖല** : **ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാ ശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം :** 4
**പേര് :** യൂണിറ്റ് വിലയിരുത്തൽ
**ഉപമേഖല :** യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 5
**പേര് :** ഗണിതക്ലാസ് പി. ടി. എ.
**ഉപമേഖല :** സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 6
**പേര് :** ഗണിതം മധുരം
**ഉപമേഖല :** ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം :** 1
**പേര്** : **ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല** : **ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം :** 2
**പേര്** : **എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല** : **ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം :** 3
**പേര്** : **പരീക്ഷണകിറ്റ്**
**ഉപമേഖല** : **നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

| പ്രവർത്തനം : 4<br>പേര് : പരീക്ഷണോത്സവം<br>ഉപമേഖല : ശാസ്ത്രാന്വേഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | 2000 |

**രസാലഹരി, മൊബൈൽ അഡിക്ഷൻ**

| പ്രവർത്തനം : 1<br>പേര് : ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ<br>ഉപമേഖല : ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

**പ്രവർത്തനം** : 1
**പേര്** : **അതിഥിയെ അറിയൽ**
**ഉപമേഖല** : **സാമൂഹ്യ അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം** : 2
**പേര്** : **പ്രാദേശിക അറിവ്**
**ഉപമേഖല** : **നാട്ടറിവ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

**പ്രവർത്തനം** : 3
**പേര്** : **ഫീൽഡ് ട്രിപ്പ്**
**ഉപമേഖല** : **പൊതു സ്ഥാപനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# വിവര സാങ്കേതിക വിദ്യ

**പ്രവർത്തനം :** 1
**പേര് :** **വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**
**ഉപമേഖല :** **അധ്യാപക ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

**പ്രവർത്തനം :** 2
**പേര് :** **I T ലാബ്**
**ഉപമേഖല :** **കമ്പ്യൂട്ടർ വിജ്ഞാനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

## പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : **സർഗവേദി**
ഉപമേഖല : **പ്രകടനവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : **ടാലെന്റ് ലാബുകൾ**
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : **സോഷ്യൽ മീഡിയ പ്രകടനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

## ആരോഗ്യ – കായിക – വിദ്യാഭ്യാസം

**പ്രവർത്തനം** : 1
**പേര്** : **കായികാരോഗ്യം**
**ഉപമേഖല** : **എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

**പ്രവർത്തനം** : 2
**പേര്** : **ഹെൽത്ത് ചെക്ക് അപ്പ്**
**ഉപമേഖല** : **ആര്യോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | -<br>3,000 |

**പ്രവർത്തനം** : 3
**പേര്** : **കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല**
**ഉപമേഖല** : **അധ്യാപക ശാക്തീകരണം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -<br>ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

# NOON FEEDING

| പ്രവർത്ത നത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ഉച്ച ഭക്ഷണ കമ്മിറ്റി രൂപീക രണം | പിടിഎ പ്രസിഡന്റ്, മാനേജർ, പ്രധാനധ്യാപിക, അധ്യാപക പ്രതിനിധികൾ, രക്ഷിതാക്ക ളുടെ പ്രതിനിധികൾ എന്നി വരെ ഉൾപ്പെടുത്തി രൂപീകരി ക്കുക. | മെയ് അവസാ നവാരം | ഹെഡ്മാസ്റ്റർ | |
| അടുക്കളയും പരി സരവും ശുചിയാ ക്കൽ | അടുക്കള, പരിസരം, പാത്രങ്ങൾ കുടിവെള്ള സംവിധാനം എന്നിവ വൃത്തിയാക്കി കേടുപാടുകൾ വൃത്തിയാക്കുന്നു. ആവശ്യമായ പാത്രങ്ങൾ പുതിയവ വാങ്ങു ന്നു. | മെയ് അവസാ നവാരം | ഹെഡ്മാസ്റ്റർ | |
| കുടിവെള്ള വിത രണം | തിളപ്പിച്ചാറിയ വെള്ളം | എല്ലാ ദിവ സവും | കൺവീനർ | |
| കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ | ക്ലാസ് അധ്യാപകരുടെ നേതൃ ത്വത്തിൽ അർഹരായ കുട്ടിക ളുടെ ലിസ്റ്റ് തയ്യാറാക്കി കമ്മിറ്റി അംഗീകരിച്ച് എഇഒയിൽ സമർപ്പിക്കുന്നു. | ജൂൺ 15 | ക്ലാസ് ടീച്ചർ<br>ഹെഡ്മാസ്റ്റർ | |
| പോഷക സമൃദ്ധ മായ ഭക്ഷണം ഉറ പ്പുവരുത്തൽ | ആവശ്യമായ അരി, പലവ്യഞ്ജ നം, പാൽ, മുട്ട എന്നിവ യഥാ സമയങ്ങളിൽ ലഭ്യമാകാൻ ആവ ശ്യമായ കടലാസ് വർക്കുകൾ പൂർത്തിയാക്കുന്നു. | ജൂൺ | ഹെഡ്മാസ്റ്റർ | |
| ഉച്ചഭക്ഷണ വിത രണം | ഓരോ ദിവസവും വിതരണം ചെയ്യുന്നതിനുള്ള ചുമതല അധ്യാപകർക്ക് പതിച്ചു നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചുമതല യുള്ള അധ്യാപകർ | |
| മുട്ട വിതരണം | എല്ലാ ബുധനാഴ്ചകളിൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാ പകർ | |
| പാൽ വിതരണം | ചൊവ്വ, വ്യാഴം ദിവസങ്ങളിൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാ പകർ | |

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വ ബോധവത്കരണം | പാചക തൊഴിലാളികൾക്ക് ആരോഗ്യ ശുചീകരണത്തെക്കുറിച്ച് ബോധവത്കരണ ക്ലാസ് | പഞ്ചായത്ത് | | |
| | മാതാപിതാക്കൾക്കും കുട്ടികൾക്കും ശുചിത്വ ആരോഗ്യ ബോധവത്കരണ ക്ലാസ് | ജൂലൈ 15 | ഹെഡ്മാസ്റ്റർ ഉച്ചഭക്ഷണ അധ്യാപിക | |
| അടുക്കള തോട്ടം | വിത്തുകൾ ശേഖരിച്ച് അടുക്കള തോട്ടം മെച്ചപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച വരെ | ചുമതലയുള്ള അധ്യാപിക | |
| പൊതു ആഘോഷങ്ങൾക്ക് വിപുല പങ്കാളിത്തത്തോടെ ഭക്ഷണം വിതരണം ചെയ്യാൻ | പിടിഎ, എംപിടിഎ അധ്യാപകർ, എന്നിവരുടെ പങ്കാളിത്തത്തോടെ ഭക്ഷണം വിതരണം ചെയ്യാൻ | ജൂൺ ആഗസ്റ്റ് ഡിസംബർ | പിടിഎ, എംപിടിഎ അധ്യാപകർ | |
| വിരഗുളിക വിതരണം | ആവശ്യമായ എല്ലാ വിദ്യാർത്ഥികൾക്കും പി എച്ച് സിയുടെ നേതൃത്വത്തിൽ വിരഗുളിക വിതരണം ചെയ്യുന്നു. | ഫെബ്രുവരി | ക്ലാസ് അധ്യാപകർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - പോഷകാഹാര പരിപാടി**

**ലക്ഷ്യങ്ങൾ - പോഷക സമൃദ്ധമായ ആഹാരം നൽകൽ**

# HINDI

## Academic master plan

| പ്രവർത്ത നത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| പ്രവർത്തന പാക്കേജ് തയ്യാറാക്കൽ, ശേഖരിക്കൽ | ഹിന്ദി ഭാഷ അടുത്തറിയുന്നതിനുള്ള മെറ്റീരിയൽസ് തയ്യാറാക്കൽ | മെയ്യ് അവസാന വാരം | അധ്യാപകർ | |
| | ഹിന്ദി സ്വരാക്ഷരങ്ങൾ പരിചയപ്പെടൽ | ജൂൺ ആദ്യ 2 ആഴ്ചകൾ | എല്ലാ അധ്യാപകരും | |
| | ഹിന്ദി വ്യഞ്ജനാക്ഷരങ്ങൾ പരിചയപ്പെടൽ | ജൂലൈ ആദ്യ 2 ആഴ്ചകൾ | എല്ലാ അധ്യാപകരും | |
| | ചെറിയ പാട്ടുകൾ, Self introduction എന്നിവ ഹിന്ദിയിൽ കേൾക്കുന്നതിനും, പറയുന്നതിനും ഉള്ള അവസരങ്ങൾ നൽകുന്നു. | ജൂലൈ അവസാന വാരം | ക്ലാസ് ടീച്ചർ | |
| | ചെറിയ ചെറിയ വാക്കുകൾ പറയുന്നതിനും എഴുതുന്നതിനും അവസരം നൽകുന്നു. | ആഗസ്റ്റ് മാസം | ക്ലാസ് ടീച്ചർ | |
| | ഹിന്ദി Composition എഴുതുന്നതിന് ഉള്ള അവസരം മുതിർന്ന കുട്ടികൾക്ക് നൽകുന്നു. 1,2 കാർക്ക് പറയുന്നതിന് അവസരം നൽകന്നു. | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ | |
| | വാക്കുകൾ നൽകി അതിൽ നിന്നും വാചകങ്ങൾ എഴുതുന്നതിനും കുട്ടി കഥകൾ കേൾക്കുന്നതിനും, അവസരങ്ങൾ നൽകുന്നു. | ജനുവരി മാസം | എല്ലാ അധ്യാപകരും | |
| | വിഷയങ്ങൾ നൽകി അവയെ ആസ്പദമാക്കി 5 വരികൾ നൽകി അത് വായിക്കുന്നതിനും പറയുന്നതിനും അവസരങ്ങൾ നൽകുന്നു. | ഫെബ്രുവരി മാസം | ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഹിന്ദി പഠന പരിപോഷണം

ലക്ഷ്യങ്ങൾ - എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങൾ ഫലപ്രദമായി എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള ശേഷി വർദ്ധിപ്പിക്കുന്നു

- Bulbul
- Karate
- Aerobics
- Bandset

| പ്രവർത്ത നത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Bulbul | കാരുണ്യ പ്രവർ ത്തങ്ങളിൽ ഏർപ്പെടുന്നു. | ജൂലൈ 23 ആഗസ്റ്റ് 23 | വിദ്യ ടീച്ചർ | |
| Bandset | കുട്ടികൾക്ക് പരിശീലനം | ആഴ്ചയിൽ ചൊവ്വ, ബുധൻ | സി. ക്രിസ്ജോ ഷാൻസി ടീച്ചർ | |
| കരാട്ടെ | കുട്ടികൾക്ക് പരിശീലനം | ആഴ്ചയിൽ തിങ്കൾ | സൗമ്യ ടീച്ചർ | |
| Aerobics | കുട്ടികൾക്ക് പരിശീലനം | ക്ലാസ് തല ത്തിൽ കുട്ടി കൾക്ക് പരിശീ ലനം നൽകുന്നു. | അതത് ക്ലാസ് ടീച്ചർ | |

| പ്രവർത്ത നത്തിന്റെ പേര് | പ്രവർത്തന രീതി | കാലയളവ് | ചുമതല | സാമ്പ ത്തികം |
| --- | --- | --- | --- | --- |
| കമ്മിറ്റി രൂപീക രണം | മേളകളുടെ കമ്മിറ്റി രൂപീക രിച്ച് കൺവീനർമാരെ തെര ഞ്ഞെടുക്കുന്നു. ചുമതല വിഭജനം മേള സംഘടിപ്പിക്കു ന്നു. | ജൂൺ | | |
| സമ്മേളനം, മേള കൾ | മേളയിൽ നിന്നും മത്സ രത്തിന് കൊണ്ടു പോകേണ്ട മേഖലകൾ കണ്ടെത്തുന്നു. പ്രാദേശിക വിദഗ്ദരെ കണ്ടെത്തൽ | ജൂലൈ | | |
| പരിശീലനം സംഘ ടിപ്പിക്കൽ | മേളകളിൽ നിന്നും തെരഞ്ഞെടുത്തവർക്ക് പരിശീലനം നൽകുന്നു. | ആഗസ്റ്റ് | | |
| | പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നു. വിദ ഗ്ദരുടെ പരിശീലനം ഉറപ്പാ ക്കുന്നു. | സെപ്തംബർ | | |
| | മാതാപിതാക്കളുടെ സഹാ യത്തോടെ വീട്ടിലും വിദ്യാല യത്തിലും കൂടുതൽ പരി ശീലനം നൽകുന്നു. | ഒക്ടോബർ | | |
| | മത്സരത്തിൽ പങ്കെടുക്കു ന്നു. | നവംബർ | | |
| | | | | |

**മേഖല - അക്കാദമികം**

**ഉപമേഖല - മേളകളിൽ മികവ്**

**ലക്ഷ്യങ്ങൾ - കുട്ടികളെ ശാസ്ത്ര, സാമൂഹിക, ഗണിത, പ്രവർത്തി പരിചയ മേളക ളിൽ പങ്കെടുപ്പിക്കൽ**

**വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങളിലുള്ള കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ**

**മാതാപിതാക്കളുടെ പിന്തുണ, പ്രാദേശിക കലാകാരന്മാരുടെ മാർഗ്ഗ നിർദ്ദേശം എന്നിവ ഉറപ്പാക്കൽ**